LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പഠനം നടത്തിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിനുവേണ്ടി ഡിപ്പാർട്ടുമെന്റ് ഓഫ് കമ്മ്യൂണിറ്റി മെഡിസിൻ & സൈക്ക്യാട്രി വിഭാഗം ഒരു ക്വാളിറ്റേറ്റീവ് സ്റ്റഡി 2012-13-ൽ (Needs and Services for the Elderly in Kerala) നടത്തിയിട്ടുണ്ട്. കൂടാതെ Centre for Development Studies ഒരു Quantitative Study-യും (Situation of Elderly in Kerala Evidences from Kerala Ageing Survey 2014) നടത്തിയിട്ടുണ്ട്.

(ബി) മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. കേന്ദ്ര നിയമം Maintenance and Welfare of Parents and Senior Citizen Act 2007 അനുസരിച്ച് സംസ്ഥാനത്ത് Kerala Maintenance and Welfare of Parents and Senior Citizen Rules 2009 രൂപീകരിച്ചിട്ടുണ്ട്.

(സി) മുതിർന്നവരെ ശാക്തീകരിച്ച് സമൂഹത്തിൽ സജീവമായ അഥവാ ഫലവത്തും സാർത്ഥകവുമായ പങ്ക് വഹിക്കാൻ പ്രാപ്തരാക്കുന്നതിലൂടെ വ്യത്യസ്ത പ്രായത്തിലുള്ള വിഭാഗങ്ങളുമായി സ്വയം ഇണങ്ങിച്ചേരാൻ സഹായിക്കുക എന്ന ദൗത്യത്തോടെ മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സംസ്ഥാന നയം 2013 രൂപീകരിച്ച് ആയതിലെ കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഒഴിവുകൾ

275 (3482) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ ഒഴിവുകൾ പ്രോജക്ട് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) അങ്കണവാടി വർക്കർ/ഹെൽപ്പർ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.